**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 640** **13-01-2021 - ൽ മറുപടിയ്ക്ക്**

**സബ്ബ് എഞ്ചിനീയർമാർക്ക് വകുപ്പ്തല ഉദ്യോഗക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പമന്ത്രി) | |
| (എ) | നിലവിൽ ജോലി ചെയ്തുവരുന്ന സബ്ബ് എഞ്ചിനീയർമാർക്ക് വകുപ്പുതല ഉദ്യോഗക്കയറ്റം നൽകി അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ 20% ഒഴിവുകൾ നികത്തപ്പെടേണ്ടത് 31/12/2019ന് കാലാവധി അവസാനിച്ച അസിസ്റ്റന്റ് എഞ്ചിനീയർ ലിസ്റ്റിൽ നിന്നും നിയമനം നൽകി നികത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ 20 ശതമാനം ITI ക്വാട്ടയിൽ നിലവിലുണ്ടായിരുന്ന ചില കോടതി വ്യവഹാരങ്ങൾ കാരണം സ്ഥാനക്കയറ്റം നൽകുവാൻ സാധിക്കാത്തതുമൂലം ഉണ്ടായ 162 ഒഴിവുകൾ താൽക്കാലികമായി വകമാറ്റി 40 ശതമാനം ക്വാട്ടയിൽ നിയമനം നടത്തുന്നതിനായി KPSC-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് 26.12.2019-ലെ ബോർഡ് ഉത്തരവ് നമ്പർ B.O (FM) No.959/2019 (EB.1(a)/AE (Ele) 40%/2019 പ്രകാരം തീരുമാനിക്കുകയുണ്ടായി. എന്നാൽ 20 ശതമാനം ITI ക്വാട്ടയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് സി.ഇ.എ റെഗുലേഷൻസുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന കോടതി വ്യവഹാരങ്ങൾ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി തലത്തിൽ തീർപ്പായതിനാൽ 21.08.2020-ൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ലെ 20 ശതമാനം ITI ക്വാട്ടയിൽ നിലവിലുണ്ടായിരുന്ന എല്ലാ ഒഴിവുകളും സബ്-എഞ്ചിനീയർ (ഇലക്ട്രിക്കൽ)മാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) ആയി താൽക്കാലികസ്ഥാനക്കയറ്റം നൽകി നികത്തുകയുണ്ടായി. ആയതിനാൽ നിലവിലെ 20 ശതമാനം ITI ക്വാട്ടയിൽ നിന്നും വകമാറ്റി ഇതര ക്വാട്ടയിൽ ഒരു നിയമനവും നടത്തിയിട്ടില്ല. |
| (ബി) | മീറ്റർ റീഡർ തസ്തികയിൽ ജോലി ചെയ്തുവരുന്നവർക്ക് സബ്ബ് എഞ്ചിനീയറായി ഉദ്യോഗക്കയറ്റം അനുവദിച്ചപ്പോൾ വന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുപകരം കരാർ നിയമനം നൽകി നികത്തുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (സി) | കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ 365 മീറ്റർ റീഡർമാർക്കാണ് സമീപകാലത്ത് സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയത്. ഈ പ്രമോഷൻ ഉത്തരവ് ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിലെ വ്യവഹാരത്തിൽപ്പെട്ടിരിക്കുന്നതിനാൽ ഇത് സ്ഥിരം ഒഴിവുകളായി പരിഗണിക്കാൻ ഇപ്പോൾ സാധിക്കുകയില്ല. മീറ്റർ റീഡിംഗിലും മറ്റും നൂതന സാങ്കേതിക വിദ്യ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി, മീറ്റർ റീഡർമാരുടെ എണ്ണത്തിലും സാരമായ മാറ്റം ഉണ്ടാകുവാൻ സാധ്യതയുണ്ട്. എന്നിരുന്നാലും മീറ്റർ റീഡർ തസ്തികയിലെ 218 ഒഴിവുകൾ 20.10.2020 ന് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഡി) | തമിഴ്നാട്ടിൽ നിന്നും വാങ്ങുന്ന കോൺക്രീറ്റ് ഇലക്ട്രിക്ക് പോസ്റ്റുകളുടെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ 8 മീറ്റർ, 9 മീറ്റർ എന്നീ തരത്തിലുള്ള പ്രീസ്ട്രെസ്ഡ് കോൺക്രീറ്റ് പോസ്റ്റുകളാണ് കേരളത്തിനകത്തു നിന്നും പുറത്തുനിന്നുമുള്ള 12 നിർമ്മാതാക്കളിൽ നിന്നും വാങ്ങുന്നത്. പോസ്റ്റുകൾ നിർമ്മിയ്ക്കുന്നതിന് റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ അംഗീകരിച്ച ഡിസൈനും ഗുണനിലവാരം ഉറപ്പാക്കുന്നതിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന ടെസ്റ്റുകൾ നടത്തി സ്വീകരിക്കുകയുമാണ് ചെയ്തു വരുന്നത്. ഇത്തരത്തിൽ കേരളത്തിലെ നിർമ്മാതാക്കൾ ഉണ്ടാക്കുന്ന പോസ്റ്റുകളും ഇതരസംസ്ഥാനങ്ങളിൽ ഉണ്ടാക്കുന്ന പോസ്റ്റുകളും കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിലെ സിവിൽ വിഭാഗത്തിലെ ഉദ്യോഗസ്ഥരും സേഫ്റ്റി വിഭാഗത്തിലെ ഇലക്ട്രിക്കൽ എഞ്ചിനീയറും കർശന പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയ പോസ്റ്റുകളാണ് കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ സ്വീകരിക്കുന്നത്. കൂടാതെ പോസ്റ്റുകളുടെ നിർമ്മാണവേളയിൽ മിന്നൽ പരിശോധനനടത്തി ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഡിസ്ട്രിബ്യൂഷൻ മേഖലാ ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ പോസ്റ്റുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി എല്ലാ പോൾകാസ്റ്റിംഗ് യാർഡുകളിലും ഡിപ്പാർട്ട്മെന്റൽ സൂപ്പർവിഷൻ നടത്തുന്നതിനുള്ള നടപടികളും കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിൽ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ